**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 592** **11-11-2021 - ൽ മറുപടിയ്ക്ക്**

**കനത്ത മഴയിലും ഉരുൾപൊട്ടലിലും നഷ്ടപ്പെട്ട വളർത്തുമൃഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തുണ്ടായ കനത്ത മഴയിലും ഉരുൾപൊട്ടലിലും ജീവനോപാധിയായ വളർത്തുമൃഗങ്ങൾ വ്യാപകമായി നഷ്ടപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഈ ഇനത്തിൽ ഉണ്ടായ നാശനഷ്ടം ജില്ല തിരിച്ച് കണക്കാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 2021 ഒക്ടോബർ മാസത്തിൽ ഉണ്ടായ കനത്ത മഴയിലും ഉരുൾപൊട്ടലിലും ഉണ്ടായ നാശനഷ്ടം സംബന്ധിച്ച് ജില്ലകളിൽ നിന്നും കണക്കുകൾ ശേഖരിക്കുകയും ആയത് സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്. 16/10/2021 മുതൽ 22/10/2021 വരെ ഉണ്ടായ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് 23 പശുക്കൾ, 5 എരുമകൾ, 18 കിടാരികൾ, 18 പശുക്കുട്ടികൾ, 9 പന്നികൾ, 44 ആടുകൾ, 25,084 കോഴികൾ, 114 തൊഴുത്തുകൾ, 29 കോഴി ഷെഡ്ഡുകൾ, 13,035 കിലോഗ്രാം തീറ്റ എന്നിവ സംസ്ഥാനത്ത് നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ഈ ഇനത്തിൽ ഉണ്ടായ നാശനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഈ ഇനത്തിൽ സംസ്ഥാനത്ത്, മേൽ കണക്ക് പ്രകാരം 1.4 കോടി രൂപയുടെ നഷ്ടം മൃഗസംരക്ഷണ മേഖലയിൽ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. |
| (സി) | നാശനഷ്ടം സംഭവിച്ചവർക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | ഒക്ടോബർ മാസത്തിൽ ഉണ്ടായ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് മൃഗങ്ങൾക്കായുള്ള 114 ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ക്യാമ്പുകളിൽ 4,009 ഉരുക്കളെയും, 802 ആടുകളെയും സംരക്ഷിക്കുകയുണ്ടായി. ഇവയ്ക്ക് ക്യാമ്പിൽ തീറ്റ നല്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിൽ നിന്നും 9.5 ലക്ഷം രൂപ വിവിധ ജില്ലകൾക്കായി അനുവദിക്കുകയുണ്ടായി. പ്രളയത്തിൽ നഷ്ടപ്പെട്ട ഉരുക്കൾക്ക് ദുരന്തനിവാരണ മാനദണ്ഡപ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിനായി ആവശ്യമായ പ്രൊപ്പോസൽ ദുരന്തനിവാരണ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ